**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6406** **10-11-2021 - ൽ മറുപടിയ്ക്ക്**

**അപകടകരമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് ഇൻഷുറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിനുകീഴിലും പൊതുമേഖലാ സ്ഥാപനങ്ങളിലും അപകടകരമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ ജീവനക്കാർക്കും പ്രത്യേക ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തിയിട്ടുണ്ടോ; എങ്കിൽ ജോലിക്കിടയിൽ അപകടം സംഭവിച്ച് മരണപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന എല്ലാ ജീവനക്കാർക്കും ഇൻഷുറൻസ് ആനുകൂല്യം ലഭ്യമാക്കുന്നതിന് കഴിയുന്നുണ്ടോ; | (എ) | (എ) യും (ബി) യും - ഇ. എസ്.ഐ. നിയമത്തിന്റെ പരിധിയിൽ വരുന്ന സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജോലിക്കിടയിൽ അപകടം സംഭവിച്ച് താൽക്കാലികമായോ സ്ഥിരമായോ അംഗപരിമിതി സംഭവിക്കുന്ന ജീവനക്കാർക്ക് അംഗപരിമിതർക്കുള്ള ആനുകൂല്യവും അപകടത്തിൽ ജീവനക്കാർ മരണമടയുകയാണെങ്കിൽ മരണപ്പെട്ട ആളിന്റെ ആശ്രിതർക്ക് മരണാനന്തര ആനുകൂല്യവും ലഭിക്കുന്നതാണ്. കൂടാതെ, കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷുറൻസ് പദ്ധതി (ജി. പി. എ.ഐ.എസ്) ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ അപകടമുണ്ടാകുന്ന താത്കാലിക, കരാർ ജീവനക്കാർക്ക് ഇൻഷുറൻസ് ആനുകൂല്യം ഉറപ്പുവരുത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ജോലിക്കിടയിൽ ജീവഹാനിയോ പരിക്കോ സംഭവിക്കുന്നവർക്ക് ഏത് തരത്തിലാണ് സാമ്പത്തിക പരിരക്ഷ ഉറപ്പുവരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ? | (ബി) | (എ) യും (ബി) യും - ഇ. എസ്.ഐ. നിയമത്തിന്റെ പരിധിയിൽ വരുന്ന സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജോലിക്കിടയിൽ അപകടം സംഭവിച്ച് താൽക്കാലികമായോ സ്ഥിരമായോ അംഗപരിമിതി സംഭവിക്കുന്ന ജീവനക്കാർക്ക് അംഗപരിമിതർക്കുള്ള ആനുകൂല്യവും അപകടത്തിൽ ജീവനക്കാർ മരണമടയുകയാണെങ്കിൽ മരണപ്പെട്ട ആളിന്റെ ആശ്രിതർക്ക് മരണാനന്തര ആനുകൂല്യവും ലഭിക്കുന്നതാണ്. കൂടാതെ, കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷുറൻസ് പദ്ധതി (ജി. പി. എ.ഐ.എസ്) ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ